കേരള സർക്കാർ

വനം പരിസ്ഥിതി വന്യജീവി (ഇ) വകുപ്പ്

നം. 11960/ഇ2/86/വനം

തിരുവനന്തപുരം,

തീയതി 21-1-2009

സെക്രട്ടറി

ഡയറക്ടർ

രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ്

സർ,

വിഷയം: നിക്ഷിപ്ത വനഭൂമി- ആധാരങ്ങൾ- രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച്

നിക്ഷിപ്ത വനഭൂമിയുടെ സർവ്വേ ജോലികൾ പൂർത്തിയാകുന്നത് വരെ നിക്ഷിപ്ത വനമുൾപ്പെടുന്ന സർവ്വേ നമ്പറുകളിലുള്ള ഭൂമിയുടെ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ വനം വകുപ്പിന്റെ എൻ.ഒ.സി. ഹാജരാക്കേണ്ടതാണ്.

വനം ഭൂമി എതെങ്കിലും കാരണവശാൽ കോടതി മുഖാന്തിരം എതെങ്കിലും വ്യക്തികൾക്ക് തിരികെ ലഭിച്ചിട്ടുള്ളതാണെങ്കിൽ അത്തരം ഭൂമികളിന്മേൽ ആധാരം രജിസ്റ്റർ ചെയ്യുന്നതിന് മുമ്പ് ബന്ധപ്പെട്ട കക്ഷികൾ റവന്യൂ അധികാരികളെ സമീപിച്ച് നിയമം പ്രകാരം സർവ്വേ നടത്തിച്ച് അതിർത്തി നിർണ്ണയം നടത്തി കല്ലിടീച്ച് പട്ടയം വാങ്ങിയിട്ടുണ്ടോ എന്ന് പരിശോധിക്കണം. ഇപ്രകാരം പട്ടയം വാങ്ങിയ രേഖകൾ ഹാജരാക്കിയശേഷം മാത്രം ആയിരിക്കണം മുൻ വനഭൂമിയെ സംബന്ധിച്ച് ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നത്.

വിശ്വസ്തതയോടെ,

(ഒപ്പ്)

എൻ. കാളീശ്വരൻ

കാർഷികോത്പാദക കമ്മീഷണറും

വനം വകുപ്പ് സെക്രട്ടറിയും

www.eaadharam.in